(ഡി) തകഴി, കൈനകരി, നെടുമുടി പഞ്ചായത്തുകളൊഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും ജലവിതരണം നടത്തുന്നുണ്ട്. ഓരോ പഞ്ചായത്തിലും വിതരണം നടത്തുന്ന വെള്ളത്തിന്റെ അളവ് വെവ്വേറെ കണക്കാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ഇ) നീരേറ്റുപുറം പദ്ധതി നടപ്പിലാക്കുന്നതോടുകൂടി എല്ലാ പഞ്ചായത്തുകളിലും ആവശ്യാനുസരണം ശുദ്ധജലം വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഉടുമ്പൻചോല, കാന്തിപ്പാറ, ശാന്തൻപാറ എന്നീ കുടിവെള്ള പദ്ധതികളുടെ നിർമ്മാണപുരോഗതി

56 [1886] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല, കാന്തിപ്പാറ, ശാന്തൻപാറ എന്നീ കുടിവെള്ള പദ്ധതികളുടെ നിർമ്മാണപുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഏതെല്ലാം ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്; എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉടുമ്പൻചോല കുടിവെള്ള പദ്ധതിയുടെ പണികൾ നബാർഡ് ധനസഹായത്തോടെ പുരോഗമിച്ചുവരുന്നു. പദ്ധതിക്കാവശ്യമായ ജലസംഭരണികളിൽ ഒരെണ്ണത്തിന്റെ പണി തുടങ്ങി. നാലെണ്ണത്തിന്റെ പണികൾ ടെണ്ടർ ചെയ്തു. ഗിണർ, പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ എന്നിവയുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ശുദ്ധീകരണ ശാലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഈ പദ്ധതി 2007 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

കാന്തിപ്പാറ കുടിവെള്ള പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി ഭരണാനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

ശാന്തൻപാറ കുടിവെള്ള പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കി ഡിസൈൻ ജോലികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly